അതിന് പകരം എന്തുകൊണ്ട് ബാങ്കിൽ തന്നെ എടുത്തുകൂടാ എന്നുള്ളതാണ് എന്റെ ചോദ്യം. എന്റെ രാണ്ടാമത്തെ ചോദ്യത്തിന്റെ മറുപടി പറയുന്നതിന്റെ കൂട്ടത്തിൽ അങ്ങ് മറുപടി പറഞ്ഞാൽ മതി.

ചോദ്യം-2 : കംപ്യൂട്ടർവൽക്കരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ബാങ്കിംഗ് മേഖലയിലുള്ള Software solution തയ്യാറാക്കുമ്പോൾ Data lab വേണം എന്നത്. ഇത് Nationalised Bank കളിൽ എല്ലാം കാണാൻ കഴിയുന്ന ഒരു കാര്യമാണ്. മാത്രമല്ല, കേരളത്തിൽ തന്നെ ജില്ലാ ബാങ്കുകളിൽ പ്രമുഖ ബാങ്കുകൾ Data lab, Software-ന്റെ കൂടെ തന്നെ അവിടെ സ്ഥാപിക്കുകയും കരാറിൽ അത് ഉൾപ്പെടുത്തിയിരിക്കുകയുമാണ്. എന്നാൽ ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് Data lab ഉൾപ്പെടുത്തിക്കൊണ്ടല്ല കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. അതിനുപകരം I.T. Mission-നുമായി Data lab ഉപയോഗിക്കുന്നതിനുവേണ്ടി അവർക്ക് വാടക നിശ്ചയിച്ച് തുക കൊടുത്തുകൊണ്ട് നടപടി സ്വീകരിക്കുകയാണ്. . എന്നാൽ Data lab കൂടി ഏത് സ്ഥാപനത്തിനാണോ കരാർ നൽകിയത് ആ കരാർ നൽകിയ സ്ഥാപനം അവിടെ വയ്ക്കേണ്ടതല്ലേ? അത് എന്തുകൊണ്ടാണ് Data lab സ്വന്തമായിട്ട് തന്നെ ഈ കരാറിൽ ഉൾപ്പെടുത്തി വാങ്ങാതിരുന്നത്?

ശ്രീ. എം. വി. രാഘവൻ : Data Lab ഇല്ല എന്ന് പറഞ്ഞത് തെറ്റാണ്. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് Co-Bank സ്ഥാപിച്ചിട്ടുള്ള Data Centre-ന്റെ സേവനം സ്റ്റേറ്റിലെ ബ്രാഞ്ചുകൾക്ക് മാത്രമല്ല, ജില്ലാ ബാങ്കുകൾക്കുകൂടി കൊടുക്കാൻ അവർ തയ്യാറാണ്. അങ്ങനെ വന്നാൽ 160 ലക്ഷം രൂപ ജില്ലാ ബാങ്കുകൾക്ക് ലാഭിക്കാം എന്നാണ് പറയുന്നത്.

കാർഷിക വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കാൻ നടപടി

*3 [606] *ശ്രീ. എൻ. ഡി. അപ്പച്ചൻ :*
,, ടി. യു. രാധാകൃഷ്ണൻ :
,, എം. എ. ചന്ദ്രശേഖരൻ :
,, എം. എ. വാഹീദ് :
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷിക വായ്പകളുടെ പലിശ കുറയ്ക്കുവാൻ പരിപാടിയുണ്ടോ;

(ഡി) കർഷകർക്ക് നൽകുന്ന വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് പ്രേരണ നൽകുവാൻ എന്തെല്ലാം ഇൻസെന്റീവ് നൽകുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)* :

സർ,

(എ) & (ബി) നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുവരുന്നു.

(സി) കാർഷിക വായ്പയുടെ പലിശ ഇപ്പോൾതന്നെ 8.5 ശതമാനമായി കുറച്ചിട്ടുണ്ട്.

(ഡി) അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം പ്രകാരമുള്ള ഇൻസെന്റീവ് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് നൽകുവാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ബാങ്കുകൾ ഇപ്പോൾ നാലര മുതൽ ഏഴ് ശതമാനംവരെയാണ് നിക്ഷേപകർക്ക് പലിശ കൊടുക്കുന്നത്. ആ സാഹചര്യത്തിൽ കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഒരു സന്ദർഭമാണ്. ആ നിലയ്ക്ക് ഇപ്പോൾ എട്ടര ശതമാനമാണ് കാർഷിക ലോണിന് പലിശ ഈടാക്കിക്കൊണ്ടിരിക്കുന്നത്. അത് ആറ് ശതമാനമായി കുറച്ച് കൃഷിക്ക് ലോൺ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ : കാർഷിക ലോണുകളിലെ പലിശ 25,000 രൂപ വരെ എട്ടര ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ അടുത്ത കാലത്തായിട്ട് ചെയ്തതാണ്. പിന്നെ സ്വന്തം ഫണ്ട് ഉപയോഗിച്ച് ജില്ലാ ബാങ്കുകളോ പ്രൈമറി ബാങ്കുകളോ കൊടുക്കുന്നത് ഒൻപത് ശതമാനവും ഒൻപതര ശതമാനവും പത്തര ശതമാനം വരെ പലിശ നിരക്കിലാണ്. ഏറ്റവും ചുരുങ്ങിയ പലിശ നബാർഡിന്റെ re-finance-സിനെ അടിസ്ഥാനപ്പെടുത്തി എട്ടര ശതമാനമാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് ട്രഷറിയിൽ പണം അടച്ചതുകാരണം പുനർ വായ്പ നിർത്തിവച്ചിരിന്നു. അവരുമായി ചർച്ച ചെയ്ത് അത് ഗഡുക്കളായി തിരിച്ചടയ്ക്കാം എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നബാർഡ് ഇപ്പോൾ 400 കോടി രൂപ നമുക്ക് അനുവദിച്ചിട്ടുണ്ട്. സർവ്വീസ് ബാങ്കുകൾ ശ്രദ്ധവച്ചാൽ കർഷകർക്ക് ആവശ്യമായ കടം കൊടുക്കാൻ സാധിക്കും. പല ബാങ്കുകളും ശ്രദ്ധിക്കുന്നില്ല. കൃഷിക്കാർക്ക് കടം കൊടുക്കാൻ താൽപ്പര്യമില്ല എന്ന് പറയുന്നതിൽ ദുഃഖമുണ്ട്. 400 കോടി രൂപ നബാർഡ് അനുവദിച്ചിട്ടും 100 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ : 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളിലെ പലിശ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോയി. പക്ഷേ ഇതുവരെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് കടത്തിന്റെ പലിശ ഇളവ് സർക്കാർ കൊടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ കാർഷിക മേഖലയിൽ വളരെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ പലിശ പരമാവധി കുറയ്ക്കുക. One time settlement-ന്റെ കാലാവധി മാർച്ച് 31 കൊണ്ട് അവസാനിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. One time settlement-ന്റെ കാലാവധി നീട്ടി കുറേക്കൂടി കർഷകർക്ക് ആശ്വാസകരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ : One time settlement നീട്ടാൻ സാധിക്കില്ല. One time settlement 2001-ൽ ആരംഭിച്ചതാണ്. ഈയിടെ തന്നെ അത് നിർത്താൻ തീരുമാനിച്ചതാണ്. പക്ഷേ സുനാമി ദുരന്തം വന്നതുകൊണ്ടാണ് അത് മാർച്ച് 31 വരെ നീട്ടിയത്. One time settlement കൊണ്ട് നഷ്ടം വരുന്നു എന്നാണ് പ്രൈമറി ബാങ്കുകളുടെ അഭിപ്രായം. നഷ്ടം വരുന്നു എന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. 1,200 കോടി രൂപ One time settlement-ന്റെ ഫലമായിട്ട് പിരിച്ചെടുത്തിട്ടുണ്ട്. 143 കോടി രൂപ പിഴപ്പലിശ ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച മറ്റൊരു ചോദ്യം പലിശ സബ്സിഡിയാണ്. അതായത് Moratorium period-ൽ 13 ജില്ലകളിലെ ഒരു കൊല്ലത്തെ പലിശ കൊടുക്കണം. വയനാട് അഞ്ച് കൊല്ലത്തെ പലിശ കൊടുക്കണം. അത് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 193 കോടി രൂപ ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

ശ്രീ. കെ. അച്ചുതൻ : സർ, ചിറ്റൂർ Co-operative Sugar Factory-യിലെ കരിമ്പ് നൽകിയ കർഷകർക്ക് മൂന്നര കോടിയോളം രൂപ സർക്കാർ നൽകാനുണ്ട്. അത് ഉടനെ നൽകുമെന്ന് പറഞ്ഞെങ്കിലും മാർച്ച് 31-നകത്ത് നൽകാൻ കഴിയില്ല. രണ്ടുമൂന്ന് മാസത്തിനകത്ത് Sugar Factory-യിലെ പണം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് One time settlement ചിറ്റൂർ താലൂക്കിലെങ്കിലും മൂന്ന് മാസത്തേയ്ക്ക് നീട്ടുന്ന കാര്യം പരിഗണിക്കണം. Sugar Factory-യിലെ പണം കൊടുക്കുന്നത് വ്യവസായ വകുപ്പുമന്ത്രിയാണെങ്കിലും മൂന്നര കോടി രൂപ ഷുഗർ ഫാക്ടറിയ്ക്ക് നൽകാനുണ്ട്. അതുകൊണ്ട് One time settlement ചിറ്റൂർ താലൂക്കിലുള്ള കർഷകർക്ക് മൂന്ന് മാസത്തേയ്ക്ക് നീട്ടിക്കൊടുക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എനിക്ക് മനസ്സിലായിട്ടില്ല. ഏതായാലും One time settlement മാർച്ച് 31 വരെ എല്ലാ കാർഷിക കടത്തിനും കാർഷികേതര കടത്തിനും കൊടുക്കണം. അത് എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

ബാധകമാണ്. പിന്നെ മില്ലിന്റെ കാര്യം അത് വേണമോ വേണ്ടയോ എന്നുള്ളത് അവർ അപേക്ഷ കൊടുത്താൽ ഗവൺമെന്റ്. പരിശോധിച്ച് വേണ്ട നടപടിയെടുക്കും.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, Schedule Bank കളും Service Bank കളും കാർഷിക ബാങ്കുകൾപോലും ആഢംബര കാറുകൾ വാങ്ങുവാനും ആഢംബര വീടുകൾ വയ്ക്കുവാനും കുറഞ്ഞ പലിശയ്ക്ക് കടം കൊടുക്കുന്നുണ്ട്. എന്നാൽ കർഷകർക്ക് കടം കൊടുക്കുന്ന കാര്യത്തിൽ പലിശ കൂടുതൽ വാങ്ങുകയാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രത്യേകമായ നടപടി കൈക്കൊള്ളാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. എം. വി. രാഘവൻ : ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ ഈയിടെ കണ്ടു. അതിന്റെയടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ എല്ലാ നിബന്ധനയും വച്ചിട്ടാണ് 400 കോടി രൂപ അനുവദിച്ചത്. അതിൽ 100 കോടി രൂപ മാത്രമേ നമുക്ക് കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ അത് മനസ്സിലാക്കണം. നമ്മുടെ പ്രൈമറി സർവ്വീസ് ബാങ്കുകൾ കാർഷിക ലോൺ കൊടുക്കുവാൻ താൽപ്പര്യമെടുക്കുന്നില്ല. ഇപ്പോൾ. നിർബ്ബന്ധമായും കൊടുക്കുന്ന ലോണിന്റെ 25 ശതമാനം കാർഷിക ലോൺ ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : കാർഷിക രംഗത്തെ ഉൽപ്പന്നങ്ങളുടെ വിലക്കുറവും കാർഷിക മേഖലയിലെ തകർച്ചയും കണക്കിലെടുത്ത് One time Settlement കഴിഞ്ഞതിനുശേഷമുള്ള കാര്യത്തിൽ പിഴപ്പലിശ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. എം. വി. രാഘവൻ : പിഴപ്പലിശ ഇളവ് ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. ഏതെങ്കിലും ബാങ്ക് Special Recovery Scheme എന്ന് പറഞ്ഞ് തന്നാൽ പരിശോധിക്കാം. അല്ലാതെ ജനറലായിട്ട് സാധിക്കില്ല. ഇപ്പോൾ തന്നെ ചില ജില്ലാ ബാങ്കുകൾ special recovery ആയിട്ട് തന്നിട്ടുണ്ട്. അവർക്ക് അനുവാദം കൊടുക്കുന്നുണ്ട്.

ശ്രീ. വർക്കല കഹാർ : സർ, ഭക്ഷ്യവിള കൃഷി ചെയ്യുന്നവർക്ക് പുതിയ ഒരു വായ്പാ പദ്ധതിക്ക് ആലോചിക്കുമോ?

ശ്രീ. എം. വി. രാഘവൻ : ഭക്ഷ്യവിള കൃഷി ചെയ്യുന്നത് കൃഷിക്കാർ തന്നെയാണല്ലോ. കൃഷിക്കാർക്ക് പലവിധ ലോണുകളുണ്ട്. കൂടുതൽ ആലോചിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ : കൃഷിഭവനുകളിലൂടെ നെൽകൃഷിക്കാർക്ക് വായ്പ നൽകുന്ന പദ്ധതി ഉണ്ടല്ലോ. ആ കാര്യത്തിൽ എന്തെങ്കിലും പുതിയ വികസന പദ്ധതികൾ ആലോചിക്കുമോ?

ശ്രീ. എം. വി. രാഘവൻ : അതിനു മറുപടി പറയാൻ എനിക്ക് കഴിയില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, 193 കോടി രൂപ വേണമെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഒപ്പിട്ടിരിക്കുന്നത് 25 കോടി രൂപയ്ക്കാണ്. മാർച്ച് 31-ന് ഇനി കുറച്ച് ദിവസമേയുള്ളൂ. മാർച്ച് 31-നു മുമ്പ് ഈ 25 കോടി രൂപ കിട്ടുമോ എന്നാണ് എന്റെ സംശയം. 25 കോടി രൂപയ്ക്ക് മാത്രമാണ് ഇപ്പോൾ ഒപ്പിട്ടിട്ടുള്ളത്. ബാക്കി തുക ഈ മാർച്ച് 31-ന് മുൻപ് കൊടുക്കാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. എം. വി. രാഘവൻ : മാർച്ച് 31-ന് മുൻപ് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും കുറച്ചു ദിവസം കഴിഞ്ഞാലെങ്കിലും കൊടുക്കേണ്ടിവരും.

ശ്രീ. പി. ടി. തോമസ് : സർ, One Time Settlement മാർച്ച് 31-ന് അവസാനിക്കുകയാണ്. കേരളത്തിലെ പതിനായിരക്കണക്കിന് കൃഷിക്കാർ ഗവൺമെന്റ് ഏർപ്പെടുത്തിയ നല്ല നടപടിയെ സ്വാഗതം ചെയ്തിട്ടുണ്ട്. അതിനെ സ്വാഗതം ചെയ്യുകയും ഗവൺമെന്റിനെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഒരു കാര്യം ഉന്നയിക്കുന്നു. കേരളത്തിലെ പ്രത്യേകിച്ച് ഇടുക്കി പോലുള്ള മലയോര പ്രദേശങ്ങളിൽ കൃഷിക്കാർ വളരെ ദുരിതത്തിലാണ്. One Time Settlement-ന്റെ കാലാവധി മൂന്ന് മാസത്തേയ്ക്കുകൂടി നീട്ടിക്കൊടുത്ത് കൃഷിക്കാർക്ക് ആശ്വാസം പകരാനുള്ള നടപടി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എം. വി. രാഘവൻ : കേരളത്തിലെ മുഴുവൻ പ്രൈമറി ബാങ്കുകളും അത് അഗ്രിക്കൾച്ചർ ബാങ്ക് ആയാലും സർവ്വീസ് ബാങ്ക് ആയാലും അവർ ഏകകണ്ഠമായി ഒൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി നീട്ടി കൊടുക്കാൻ പാടില്ല എന്നാണ് പറയുന്നത്. ഏതായാലും കാലാവധി നീട്ടികൊടുക്കാൻ ബാങ്കുകൾ സന്നദ്ധമാണെങ്കിൽ അത്തരം ബാങ്കുകൾ പ്രമേയം പാസാക്കി അയച്ചാൽ Special Recovery Scheme എന്ന് പറഞ്ഞ് അംഗീകരിക്കാം. 2001 മുതൽ തുടങ്ങിയതാണ്. എല്ലാകാലത്തും One Time Settlement കൊടുക്കാൻ സാധിക്കില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY.ARCHIVES Kerala Legislative Assembly